**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2708** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്കു വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് വീട് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി (ROMHS), എം .എൻ ലക്ഷം വീട് പാർപ്പിട പദ്ധതി (MNOLHS), സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ദുർബ്ബല/താഴ്ന്ന വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് കണ്ണൂർ ജില്ലയിലെ പട്ടുവം, കോഴിക്കോട് ജില്ലയിലെ മുക്കം എന്നിവടങ്ങളിൽ ഓരോയിടത്തും ചെലവ് കുറഞ്ഞ നിർമ്മാണ രീതി അവലംബിച്ച് 3 നിലകളുള്ള 3 ബ്ലോക്കുകളിൽ 36 ഭവന യൂണിറ്റുകളും വയനാട് ജില്ലയിലെ തൃക്കൈപ്പറ്റയിൽ 415 ച.അടി വീതം വിസ്തീർണ്ണമുള്ള 18 വീടുകളും നിർമ്മിക്കുന്ന പദ്ധതിയ്ക്ക് സ.ഉ.(സാധാ).നം4/2021/ഭവനം നമ്പരായുള്ള 16/01/2021തീയതിലെ ഉത്തരവ് പ്രകാരം 1290 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ച് ഒരു വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ദുർബ്ബല / താഴ്ന്ന വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന ഭൂ-ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് കൊല്ലം ജില്ലയിലെ കരീപ്ര, ഇടുക്കി ജില്ലയിലെ പീരുമേട് എന്നിവടങ്ങളിൽ 36 യൂണിറ്റ് വീതമുള്ള കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതിയ്ക്ക് ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (ബി) | ഈ പദ്ധതി വഴി എത്ര പേർക്ക് സ്വപ്ന ഭവനം സ്വന്തമാക്കാനായി എന്ന് ജില്ല തിരിച്ചുള്ള കണക്ക് | (ബി) | രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി (ROMHS) ,എം .എൻ ലക്ഷം വീട് പാർപ്പിട പദ്ധതി (MNOLHS) , |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ? | | സാഫല്യം ഭവന പദ്ധതി എന്നീ പദ്ധതികളിലായി വീട് നൽകിയ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു 2020-2021 സാമ്പത്തിക വർഷത്തിലെ ദുർബ്ബല/ താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനകം പൂർത്തിയാക്കി കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 36 വീതം ഗുണഭോക്താക്കൾക്കും വയനാട് ജില്ലയിൽ 18 ഗുണഭോക്താക്കൾക്കും ഫ്ലാറ്റ്/ വീട് നിർമ്മിച്ച് നൽകുവാൻ സാധിക്കുന്നതാണ്. 2021-2022 സാമ്പത്തിക വർഷത്തെ ദുർബ്ബല/ താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം കൊല്ലം, ഇടുക്കി എന്നീ ജില്ലകളിലെ 36 ഗുണഭോക്താക്കൾക്ക് വീതം ഫ്ലാറ്റ്/ വീട് നിർമ്മിച്ച് നൽകുവാൻ സാധിക്കുന്നതാണ്. ഗൃഹശ്രീ ഭവന പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ 2000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നല്കിയിട്ടുണ്ട്. 2020-21 ൽ ബോർഡിൽ ലഭിച്ച 1000 അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനോടകം നടപടിക്രമങ്ങൾ പൂർത്തീകരിച്ച 147 അപേക്ഷകർക്ക് ഒന്നാം ഗഡു അനുവദിച്ചിട്ടുള്ളതും, നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി, എം .എൻ ലക്ഷം വീട് പാർപ്പിട പദ്ധതി , സാഫല്യം ഭവന പദ്ധതി എന്നീ പദ്ധതികളിലായി വീട് നൽകിയ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

എ ) **പദ്ധതിയുടെ പേര് : രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി**

| **ക്രമ നമ്പർ** | **ജില്ല** | **നിർമ്മിച്ച വീടുകളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 49 |
| 2 | കൊല്ലം | 229 |
| 3 | പത്തനംതിട്ട | 140 |
| 4 | ആലപ്പുഴ | 20 |
| 5 | കോട്ടയം | 723 |
| 6 | ഇടുക്കി | 350 |
| 7 | എറണാകുളം | 122 |
| 8 | തൃശ്ശൂർ | 215 |
| 9 | പാലക്കാട് | 447 |
| 10 | മലപ്പുറം | 148 |
| 11 | കണ്ണൂർ | 209 |
| 12 | കാസർഗോഡ് | 323 |
| 13 | കോഴിക്കോട് | 375 |
| 14 | വയനാട് | 0 |
| | **ആകെ** | **3350** |

ബി ) **പദ്ധതിയുടെ പേര് : എം .എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി**

| **ക്രമ നമ്പർ** | **ജില്ല** | **നിർമിച്ച വീടുകളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 102 |
| 2 | കൊല്ലം | 1481 |
| 3 | പത്തനംതിട്ട | 224 |
| 4 | ആലപ്പുഴ | 309 |
| 5 | കോട്ടയം | 534 |
| 6 | ഇടുക്കി | 476 |
| 7 | എറണാകുളം | 611 |
| 8 | തൃശ്ശൂർ | 686 |
| 9 | പാലക്കാട് | 688 |
| 10 | മലപ്പുറം | 354 |
| 11 | കോഴിക്കോട് | 342 |
| 12 | കണ്ണൂർ | 194 |
| 13 | കാസർഗോഡ് | 210 |
| 14 | വയനാട് | 85 |
| | **ആകെ** | **6296** |

ബി ) **പദ്ധതിയുടെ പേര് : സാഫല്യം ഭവന പദ്ധതി പദ്ധതി**

| **ക്രമ നമ്പർ** | **ജില്ല** | **നിർമിച്ച വീടുകളുടെ എണ്ണം** |
|---|---|---|
| 1 | എറണാകുളം | 24 |
| 2 | കൊല്ലം | 48 |
| | **ആകെ** | 72 |